സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതനുസരിച്ചാണ് നിയമനം നടത്തേണ്ടത്. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യവും ആക്ഷേപ രഹിതമായും കാര്യക്ഷമമായും നടപ്പിലാക്കുക, കൂടുതൽ പേർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കേന്ദ്ര സർക്കാർ പുതിയ വ്യവസ്ഥകൾ രൂപപ്പെടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

പ്രവാസി മലയാളികളുടെ പുരധിവാസം

86 (1454) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പ്രവാസികാര്യവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യെമനിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തിരിച്ചുപോരേണ്ടിവന്ന മലയാളികളുടെ പുനരധിവാസത്തിനും, പുനർനിയമനത്തിനുമായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇവർക്ക് നിയമനം നൽകാൻ തയ്യാറായി വന്നിരുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ഇവരുടെ നിയമനം ഉറപ്പാക്കുന്നതിനും മറ്റുള്ളവർക്ക് നേരിട്ട് നിയമനം നൽകുന്നതിനും ഇവരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സുസ്ഥിര വരുമാനം നേടുന്നതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നേഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorks.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു. തിരികെയെത്തിയവരിൽ 23 നേഴ്സുമാർക്ക് സർക്കാർ മുൻകയ്യെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായിവരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നി രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നേഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യമനിൽനിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കുമായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. തിരികെയെത്തിയ മലയാളികളുടെ മക്കളുടെ വിദ്യാഭ്യാസം സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രവാസി രജിസ്ട്രേഷൻ നടപടിക്രമം

87 (1455) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക മുഖേനയുള്ള പ്രവാസി രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്യുവർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിനുപുറത്തും വിദേശരാജ്യങ്ങളിലും ജോലിചെയ്യുന്ന/താമസിക്കുന്ന പ്രവാസി മലയാളികളെക്കുറിച്ച് കൃത്യമായ വിവരം ശേഖരിക്കുന്നതിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസി മലയാളികൾക്ക് സ്വമേധേയാ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഇതിനുപുറമേ, സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമാക്കിയ സാഹചര്യത്തിൽ തിരികെയെത്തിയവർക്കായി എല്ലാ എയർപോർട്ടുകളിലും ഹെൽപ് ഡെസ്കുകൾ മുഖാന്തരം രജിസ്റ്റർ ചെയ്യുവാൻ അവസരം ഒരുക്കിയിരുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തവരുടെ വിവരശേഖരണം നടത്തി ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly